(സി) പി. ജി. കോഴ്സിന് തെരഞ്ഞെടുത്ത എല്ലാ ഡോക്ടർമാർക്കും ഡെപ്യൂട്ടേഷൻ കാലത്തെ ശമ്പളം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രതാപൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്.

(ബി) ഉണ്ട്.

(സി) ഡെപ്യൂട്ടേഷന് അർഹതയുള്ള എല്ലാ ഡോക്ടർമാർക്കും ആ കാലത്തെ ശമ്പളം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും കുറവ് പരിഹരിക്കുന്നതിന് നടപടി

123 [1302] ശ്രീ. പി. എം. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഉള്ള ഡോക്ടർമാരുടെ കുറവുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) കേരളത്തിലെ ജില്ലാ-താലൂക്ക് ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും പാരാ മെഡിക്കൽ സ്റ്റാഫിന്റെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാനായി നടപടികൾ സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള പാരാ മെഡിക്കൽ സ്റ്റാഫിന്റെ അനുപാതം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി. എസ്. സി. മുഖേന 440 അസിസ്റ്റന്റ് സർജൻമാരെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ 100 അസിസ്റ്റന്റ് സർജൻമാരെകൂടി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly